നടപടികൾ പൂർത്തിയായി വരുന്നു. ഇപ്രകാരം അങ്കമാലി, പേരൂർക്കട എന്നിവിടങ്ങളിലും ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഹഡ്കോയുടെ ധനസഹായത്തോടെ തമ്പാനൂരിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ടെർമിനൽ ബസ് സ്റ്റേഷൻ ബിൽഡിംഗ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.യുടെ വിവിധ ബസ് സ്റ്റേഷനുകളിൽ ബി.ഒ.റ്റി. സ്കീമിൽ ഉൾപ്പെടുത്തി ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ സർവ്വീസുകൾ ശാസ്ത്രീയമായ രീതിയിൽ പരിഷ്ക്കരിക്കുന്നതിനും കൂടുതൽ ദീർഘദൂര സർവ്വീസുകൾ നടത്തുന്നതിനും നടപടികളെടുത്തുവരുന്നു. ഇതിനും പുറമേ ദേശവൽകൃതമേഖലകളിൽ ഘട്ടംഘട്ടമായി കൂടുതൽ സർവ്വീസുകൾ ഓടിക്കുന്നതിനും നടപടികളെടുത്തുവരുന്നു. കൂടാതെ ഹഡ്കോയിൽ നിന്നും 100 കോടി രൂപയുടെ വായ്പയെടുക്കുന്നതിനും നടപടികളെടുത്തുവരുന്നു. ഈ വായ്പതുക ഉപയോഗിച്ച് 1200 ബസ്സുകൾ നിരത്തിലിറക്കുന്നതിനും, പഴയവ പിൻവലിച്ച് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് വർക്കുഷോപ്പുകൾ നവീകരിക്കുന്നതിനും വിനിയോഗിക്കും.

(ബി) തൽക്കാലം ഉദ്ദേശ്യമില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ഒരു പഠനം നടത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

65 (383) സഹകരണ ബാങ്കുകളുടെ സഹകരണത്തോടുകൂടി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

<u>ശ്രീ. എം.വി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ സഹായത്തോടുകൂടി ഏതെങ്കിലും ജില്ലയിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്; ഏതൊക്കെ ജില്ലകളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നടപടി മറ്റു ജില്ലകളിലും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പയെടുത്ത് 30 ബസുകൾ നിരത്തിലിറക്കിയിട്ടുണ്ട്. ഈ ബസ്സുകൾ ദീർഘദൂര സർവ്വീസുകൾ നടത്തുവാനാണ് ഇപ്പോൾ ഉപയോഗിച്ചു വരുന്നത്. പ്രത്യേകമായൊരു ജില്ലയിലേയ്ക്കല്ല.

(ബി) മറ്റു ജില്ലാ സഹകരണ ബാങ്കുകൾ പാലക്കാട് ജില്ലാ സഹകരണ ബാങ്ക് അനുവദിച്ച രീതിയിൽ വായ്പ അനുവദിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly